പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3698 24/06/2014-ൽ മറുപടിക്ക്

## വെട്ടയ്ക്കലിൽ ഇലക്ട്രിക്കൽ ഡിവിഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ചേർത്തല പട്ടണക്കാട് ഇലക്ട്രിക്കൽ ഡിവിഷനു കീഴിൽ എത്ര ഉപഭോക്താക്കൾ ഉണ്ടെന്നും പ്രസ്തുത ഡിവിഷന്റെ പ്രവർത്തന പരിധി എത്ര ചതുരശ്ര കിലോമീറ്ററാണെന്നും അറിയിക്കുമോ; | (എ) പട്ടണക്കാട് ഇലക്ട്രിക്കൽ ഡിവിഷൻ ഇല്ല. ഏകദേശം 39 sq.km വിസ്തൃതിയുള്ള പട്ടണക്കാട് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ ഏകദേശം 22640 ഉപഭോക്താക്കൾ ഉണ്ട്. |
| (ബി) വലിയ പ്രവർത്തന വിസ്തൃതിയുള്ളതും പരിധിയിൽ കവിഞ്ഞ ഉപഭോക്താക്കളുള്ളതുമായ പട്ടണക്കാട് ഇലക്ട്രിക്കൽ ഡിവിഷൻ വിഭജിച്ച് വെട്ടയ്ക്കൽ കേന്ദ്രമാക്കി പുതിയ ഡിവിഷൻ ആരംഭിക്കുമെന്ന സർക്കാർ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടി ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;<br>(സി) വെട്ടയ്ക്കൽ കേന്ദ്രമാക്കി പുതിയ ഇലക്ട്രിക്കൽ ഡിവിഷൻ അടിയന്തിരമായി ആരംഭിച്ച് പട്ടണക്കാടിന്റെ തീരമേഖലയിലും വെട്ടയ്ക്കൽ പ്രദേശത്തുമുള്ള ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | **(ബി)യും (സി)യും**<br>പട്ടണക്കാട് സെക്ഷൻ വിഭജിച്ച് വെട്ടയ്ക്കൽ കേന്ദ്രീകരിച്ച് കടക്കരപള്ളി സെക്ഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവെങ്കിലും നിലവിലുള്ള മാനദണ്ഡത്തിലുൾപ്പെടാത്തതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ